പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 62

25.04.2017 -ലെ
മറുപടിക്ക്

കേന്ദ്ര പദ്ധതി ഫണ്ട് വിനിയോഗം ഫലപ്രദമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് 2011 മുതൽ നാളിതുവരെയുള്ള കാലയളവിൽ കേന്ദ്ര പദ്ധതി ഫണ്ട് വിനിയോഗം എത്ര ശതമാനം ആയിരുന്നുവെന്ന് വർഷം തിരിച്ച് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് 2011 മുതൽ നാളിതുവരെയുള്ള കാലയളവിൽകേന്ദ്ര പദ്ധതി ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കേന്ദ്ര പദ്ധതി ഫണ്ട് വിനിയോഗം ഫലപ്രദമാക്കാൻ പ്രത്യേക സംവിധാനം സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) കേന്ദ്ര പദ്ധതികളുടെ ഫണ്ട് സമയ ബന്ധിതമായി നേടിയെടുക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിൽ 27/08/2016 തീയതിയിലെ G.O(Ms)No.34/ 2016/Plg. ഉത്തരവ് പ്രകാരം സ്പെഷൽ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക സെൽ (Co-ordination Cell for CSS) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പ് സെക്രട്ടറിമാർ/വകുപ്പ് തലവൻമാർ എന്നിവർ കേന്ദ്രസർക്കാരിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻമാരുമായി നിരന്തരം ബന്ധപ്പെടുന്നതിനും സംസ്ഥാനത്തിന് ലഭിക്കേണ്ട പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനും വേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും നോഡൽ ഓഫീസർമാരെ നിയമിക്കാനും പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിദേശ ധനസഹായ |

പദ്ധതികളുടേയും തുക നേടിയെടുക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ഡെൽഹിയിൽ കേരള ഹൗസിലെ റസിഡന്റ് കമ്മീഷണറുമായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻമാർ നിരന്തരം ബന്ധപ്പെടുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

Annexure

# Details of Expenditure of Centrally sponsered schemes from 2011-12 to 2016-17

Rs in Crore

| Year | Outlay | Expenditure | % |
|---|---|---|---|
| 2011-12 | 1406.28 | 1281.22 | 91 |
| 2012-13 | 2176.6 | 1336.2 | 61 |
| 2013-14 | 2643.2 | 1709.12 | 65 |
| 2014-15 | 2733.53 | 1546.11 | 57 |
| 2015-16 | 7686.32 | 3718.68 | 48 |
| 2016-17 | 6534.17 | 4935.01 | 76 |